പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 146. 05/12/2014 ൽ മറുപടിയ്ക്ക്

ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ നിലവാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ആർ.സെൽവരാജ്:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ.വി.റ്റി.ബൽറാം: | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി തയ്യാറാക്കി യിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) | 1. ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ ഗുണ നിലവാരം ഉറപ്പു വരുത്തുക<br>2. ജനാഭിലാഷം അനുസരിച്ച് സേവന പ്രദാന സംവിധാനം ഒരുക്കുക<br>3. ഗ്രാമപഞ്ചായത്തിന്റെ വിഭവങ്ങളു ടേയും സംവിധാനങ്ങളുടേയും ഉപയോഗം ഫലപ്രദമായിട്ടാണെന്ന് ഉറപ്പു വരുത്തുക<br>4.ഗ്രാമപഞ്ചായത്തിന്റെ ദീർഘദർശനവും കാഴ്ചപ്പാടും ജനകേന്ദ്രീകൃതമാക്കുക<br>5. ഗ്രാമ പഞ്ചായത്തിന്റെ കാര്യക്ഷമത യും ഫലപ്രാപ്തിയും ഉറപ്പ് വരു ത്തുക.<br>6. പഞ്ചായത്തിൽ നിന്നുളള സേവനങ്ങൾ ഗുണനിലവാരമുളളതാണെന്ന് ഉറപ്പു വരുത്തുക<br>7.ഗുണനിലവാര സംവിധാനത്തിന്റെ മുഖമുദ്രയായ ISO 9001:2008 സർട്ടിഫിക്കേഷൻ കരസ്ഥമാക്കുകയും കാലാകാലങ്ങളിൽ പുതുക്കുകയും ചെയ്യുക. |

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് പ്രസ്തുത പദ്ധതി വഴി പഞ്ചായത്തുകൾക്കും ജനങ്ങൾക്കും ലഭ്യമാക്കുന്നത്; വിശദമാക്കുമോ ; | (സി) | 1. പൗരാവകാശരേഖയിൽ പറയുന്ന സേവനങ്ങളുടെ ഗുണനിലവാരം ഘട്ടം ഘട്ടമായി ഉറപ്പു വരുത്തിയിട്ടുണ്ട്.<br>2. അതാത് ദിവസം തന്നെ കൊടുക്കാവുന്ന സേവനങ്ങൾ അപേക്ഷ കിട്ടി എത്രയും വേഗം കൊടുക്കുവാൻ സംവിധാനമുണ്ടാക്കിയിട്ടുണ്ട്.<br>3. അന്വേഷണങ്ങൾ ആവശ്യമില്ലാത്തതും പഞ്ചായത്തിന്റെ വിവരശേഖരണം അടിസ്ഥാനമാക്കി നൽകേണ്ടതുമായ സേവനങ്ങൾ അപേക്ഷ കിട്ടിയാലുടൻ തന്നെ നൽകുവാനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്.<br>4. 1970 മുതലുള്ള ജനന - മരണ സർട്ടിഫിക്കറ്റുകൾ, 2008 മുതലുള്ള പൊതു വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, മെമ്പർഷിപ്പ് സർട്ടിഫിക്കറ്റുകൾ എന്നിവ പൊതുജനങ്ങൾക്ക് സ്വയം ഡൗൺലോഡ് ചെയ്യാനുള്ള ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെട്ടിട നികുതി ഓൺലൈനായി അടയ്ക്കാനുള്ള സജ്ജീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | എന്തെല്ലാം മാനദണ്ഡങ്ങളാണ് ഐ.എസ്.ഒ നിലവാരം പ്രാപ്തമാക്കാൻ പഞ്ചായത്തുകൾ പാലിക്കേണ്ടത്; വിശദാംശങ്ങൾ നല്കാമോ ? | (ഡി) | ഗ്രാമപഞ്ചായത്തുകളിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കുന്നതിലൂടെ ISO 9001 : 2008 സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയത് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്